പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3513 | | 21/12/2012-ൽ മറുപടിയ്ക്ക് |
|---|---|---|
| **മാതൃകാ അംഗൻവാടി പദ്ധതി** | | |
| ചോദ്യം | | ഉത്തരം |
| ശ്രീ.കെ.ദാസൻ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് നടപ്പാക്കുന്ന മാതൃകാ അംഗൻവാടി പദ്ധതിയിൽ കൊയിലാണ്ടിയിൽ മാതൃകാ അംഗൻവാടി സ്ഥാപിക്കുന്നത് ഏത് പഞ്ചായത്തിലാണ് എന്ന് വ്യക്തമാക്കുമോ; | (എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മൂടാടി ഗ്രാമപഞ്ചായത്ത് സെന്റർ നമ്പർ 100 അംഗൻവാടിയെയാണ് മാതൃകാ അംഗൻവാടിയായി ഉയർത്തുന്നതിന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. |
| (ബി) | ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ പൂർത്തിയായി എന്നും മാതൃകാ അംഗൻവാടി എന്ന് നിലവിൽ വരും എന്നും വ്യക്തമാക്കുമോ; | (ബി) കൊയിലാണ്ടി നിയോജക-മണ്ഡലത്തിലടക്കം വിവിധ ജില്ലകളിലായി 31 അംഗൻവാടികളെ മോഡൽ അംഗൻവാടികളായി ഉയർത്തുന്നതിന് ആദ്യഘട്ട അനുമതി നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ കെട്ടിടത്തിന്റെ ഘടനയിലും മറ്റും മാറ്റം വരുത്തുവാൻ ഉദ്ദേശിച്ചിരുന്നതിനാൽ ഇതിന് പുതുക്കിയ ഭരണാനുമതി നൽകുന്ന നടപടികൾ അവസാനഘട്ടത്തിലാണ്. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്. ബാക്കിയുള്ള 109 സ്ഥലങ്ങളിൽ, 10 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിനും എം.എൽ.എമാരുടെ ശുപാർശ ലഭിക്കുന്നതിനും വിധേയമായി മാതൃകാ അംഗൻവാടികൾ നിർമ്മിക്കു-ന്നതിനുള്ള ഭരണാനുമതി നൽകുന്നതാണ്. 2013-ൽ നിലവിൽ വരത്തക്കരീതിയിൽ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ